# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/516/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/516/2022 തീയ്യതി: 07/05/2022

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-02-2020 മുതൽ 06-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1). ശ്രീ.അബ്ദുൾ സത്താർ.സി.പി,ഓഡിറ്റ് ഓഫീസർ
2). ശ്രീ.അമീൻ ഫൈസൽ.ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3). ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4). ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സിദ്ധീഖ് വടക്കൻ | സെക്രട്ടറി | 01-04-2019 | 30-04-2019 |
| ശ്രീ.കൃഷ്ണകുമാർ.എൻ | സെക്രട്ടറി | 16-05-2019 | 31-03-2020 |
| ശ്രീ.ഡി.നൌഷാദലി (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2019 | 15-05-2019 |
| ശ്രീ.പി.ടി.ഉസ്മാൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അനൂപ്.ടി.എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ബീന | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 15-01-2020 |
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-01-2020 | 31-03-2020 |
| ഡോ.സിന്ധ്യ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 02-06-2019 |
| ഡോ.പ്രിയ വിജയൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-06-2019 | 31-03-2020 |
| ഡോ.നിഖിൽ റോഷ്.എ.എസ് | വെറ്ററിനറി സർജൻ | 01-04-2019 | 02-10-2019 |
| ഡോ.സജീവ്കുമാർ | വെറ്ററിനറി സർജൻ | 03-10-2019 | 31-03-2020 |
| ശ്രീ.ഉമ്മർകോയ.ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അംബിക.വി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 18-07-2019 |
| ശ്രീ.അബ്ദുൾ കരീം പാലപ്പറ്റ | അസിസ്റ്റന്റ് എഞ്ചിനിയർ | 19-07-2019 | 31-03-2020 |
| ശ്രീ.നിജാഷ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് ഷെരീഫ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജാസ്മിൻ.സി.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ശ്രീമതി.സുലൈഖ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ശ്രീ.ഡി.നൌഷാദലി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 13-01-2020 |

| | | | |
|---|---|---|---|
| ശ്രീമതി.രജനി.എം | അസിസ്റ്റന്റ് സെക്രട്ടറി | 14-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-11 |
| 12 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ച നൽകിയത് ക്രമ വിരുദ്ധം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-12 |
| 13 | ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-13 |
| 14 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-14 |
| 15 | ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-15 |
| 16 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022) | 1-16 |

| | | |
|---|---|---|
| 17 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അപാകതകൾ.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 1-17 |
| 18 | ഔദ്യാഗിക വാഹനത്തിന്റെ ഇന്ധന ഉപയോഗത്തിലെ അപാകത.<br>Written By: Rasheed V (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-18 |
| 19 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-19 |
| 20 | ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കിയില്ല<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 02-03-2022) | 1-20 |
| 21 | കെട്ടിട നമ്പറിനായുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-21 |
| 22 | വസ്തു നികുതി നിർണ്ണയം- അപാകത<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 02-03-2022) | 1-22 |
| 23 | വി.ഇ.ഒ- നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-23 |
| 24 | ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓവർഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി<br>Written By: Unni.P (Deputy Director, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 17-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 17-02-2022)<br>Last Updated By: Unni.P (Deputy Director, On 07-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 29-04-2022) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/14.02.2019 | 1(1)/ 23.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 10.06.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 13549184 |
| വരവ് | 62824721 |
| ആകെ | 76373905 |
| ചെലവ് | 62394536 |
| നീക്കിയിരിപ്പ് | 13979369 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18645294 | 18645294 | 14590497 | 4054797 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4293791 | 4293791 | 3073347 | 1220444 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4805388 | 4805388 | 2494601 | 2310787 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13949000 | 13949000 | 7200631 | 6748369 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4718000 | 4718000 | 2671322 | 2046678 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12735139 | 12735139 | 4995700 | 7739439 |
| ബി ഫണ്ട് | 0 | 22920020 | 22920020 | 22920020 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 90307354 | 119 | 50191108 | 0 | 112 | 51.51% |

### 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 27626 | 912312 | 939938 | 935504 | 4434 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 30008000 | 30008000 | 30008000 | 0 | |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 143520 | 89 |
| കർഷകതൊഴിലാളി പെൻഷൻ | 2795400 | 339 |
| വിധവാപെൻഷൻ | 7410000 | 908 |
| വാർദ്ധക്യകാലപെൻഷൻ | 9733500 | 1240 |
| വികലാംഗപെൻഷൻ | 2410400 | 302 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 427200 | 58 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22,079/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ,പി. എച്ച്.സി). എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. ഇവയുടെ വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം നടത്തുന്നുമില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. പട്ടിക വർഗ ഫണ്ടുകൾ ലാപ്സാവുന്നത് വളരെ ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. പ്രസ്തുത കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 18.01.2022 | 01.12.2021 മുതൽ 31.12.2021 വരെ | 18.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല. | ബാധകമല്ല. | ബാധകമല്ല. |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). Distress Relief Fund ന് വേണ്ടി ചാലിയാർ സർവ്വീസ് സഹകരണ ബാങ്കിൽ 08.03.2018 ന് അക്കൌണ്ട് (A/c No.20050011634) തുടങ്ങിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.2020 ന് ഈ അക്കൌണ്ടിൽ 1,25,926/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് RP-40(b) യിൽ ഉൾപ്പെട്ടിട്ടില്ല.

3). ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലേയും Receipt & Payment സ്റ്റേറ്റ്മെന്റിലേയും Total Sanitation Campaign (TSC) വരവ് തുക പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Income & Expenditure Statement (I-6 Schedule) | 12,23,161.00 |
| Receipt & Payment Statement (RP-31) | 1,37,700.00 |

വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 12(2019-20)/22.02.2022) ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ദുരിതാശ്വാസ നിധി അക്കൗണ്ട് 2021 മെയ് മാസം മുതൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ക്രമനമ്പർ 3 പ്രകാരമുള്ള വ്യത്യാസത്തിന് കാരണം പരിശോധിച്ച് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-12 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ചു നൽകാൻ പാടില്ല. എന്നാൽ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% അനുവദിച്ചു നൽകിയിട്ടുണ്ട്.

ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9-Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)-Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല. ആയത് കൊണ്ട് കൺവീനർമാർക്ക് ടാക്സ് അടവാക്കാൻ കഴിയില്ല. പ്രസ്തുത കൺവീനർമാർക്ക് മൂല്യ നിർണ്ണയത്തിന്റെ 12% തുക ജി.എസ്.ടി ഇനത്തിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട്/ വൗച്ചർ നമ്പർ-മൂല്യ നിർണ്ണയ തുക | കൺവീനർ | ടാക്സ് ഇനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | മൂലേപ്പാടം സ്കൂൾ പെയിന്റിംഗും ആർട്ട് വർക്കും (204/20) Vr No. 67/29.02.2020 Rs. 44600/- | ശ്രീ. മുഹമ്മദ് ഷരീഫ് യു.പി | 5352 |
| 2 | കുന്നത്ത്ചാൽ അത്തിക്കോട് പെരുമുണ്ടറോഡിൽ കൾവർട്ട് | ശ്രീ. കെ. പരമേശ്വരൻ | 5035 |

| | | | |
|---|---|---|---|
| | (221/20)<br>Vr No. 99/30.03.2020 Rs. 41964/- | | |
| | ആകെ | | 10387 |

ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്. 10387/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2019-20/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-13 ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളിൽ, 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കല്ലുണ്ട ബദൽ സ്കൂൾ പൂർത്തീകരണം (144/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 395100/395100[TSP] |
| ടി എസ് | LSGD/TS/2019-20/82688/(Cl 31.06%) |
| കരാർ | 42/2019-20/01.11.2019 |
| എം ബുക്ക് | 199, 250/2019-20 |
| കൺവീനർ | Shainy Saji |
| വൗച്ചർ | 108/20.03.2020 |
| മൂല്യനിർണ്ണയം | 395100 |
| കൺവീനർക്ക് അധികം നൽകിയ തുക | 18376/- [Ie, 395100*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 18376/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

2. കളക്കുന്ന് സ്കൂൾ പെയിന്റിംഗ് ആർട്ട് വർക്ക് (90/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 280000/280000 [Own Fund + MG (NR)] |
| ടി എസ് | LSGD/TS/2019-20/93916/(Cl 31.06%) |
| കരാർ | 46/2019-20/10.12.2019 |
| എം ബുക്ക് | 211/2019-20 |
| കൺവീനർ | ബേബി പി ജോർജ് |
| വൗച്ചർ | 62/20.02.2020 |
| മൂല്യനിർണ്ണയം | 280000 |
| കൺവീനർക്ക് അധികം നൽകിയ തുക | 13023/- [Ie, 280000*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 13023/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

3. മൈലാടി സ്കൂൾ പുതിയ കെട്ടിടം പൂർത്തീകരണം (94/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 475000/468153 [MG (NR)] |
| ടി എസ് | LSGD/TS/2019-20/82675/(Cl 31.06%) |

| | |
|---|---|
| കരാർ | 43/2019-20/01.11.2019 |
| എം ബുക്ക് | 203/2019-20 |
| കൺവീനർ | Murali C |
| വൗച്ചർ | 58/20.02.2020 |
| മൂല്യനിർണ്ണയം | 468153 |
| കൺവീനർക്ക് അധികം നൽകിയ തുക | 21775/- [Ie, 468153*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 21775/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2019-20/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-14 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം പ്രവൃത്തി ഏറ്റെടുത്ത വ്യക്തിയുടേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

പ്രവൃത്തി ഏറ്റെടുത്ത വ്യക്തിയുടെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, പ്രവൃത്തി ഏറ്റെടുത്ത വ്യക്തി നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ പ്രവൃത്തി ഏറ്റെടുത്ത വ്യക്തിയുടെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വേട്ടേക്കാട് കൊമ്പൻകല്ല് റോഡ് സംരക്ഷണ പ്രവൃത്തി സെക്കൻ്റ് റീച്ച് (185/20)

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 70/AE/17-18/28.12.2017 | 34111/-<br>[Ie, 01.04.18 To 30.06.18 (1%PAC)= 4723<br>+ 01.07.18 To 30.09.18 (2%PAC)= 9446<br>+ 01.10.18 To 31.12.18 (2%PAC)= 9446<br>+ 01.01.19 To 31.03.19 (2%PAC)= 9446<br>+ 01.04.19 To 10.04.19 (2%PAC For 10 Days)= 1050], (9446x10/90) |
| TS: LSGD/TS/83921/2017-18 | |
| M.Book No: 152/18-19 | |
| PAC: 472354 (ശ്രീ. സാജു ജോസഫ്) | |
| Vr.No: 4908/01.08.2019 | |
| സൈറ്റ് കൈമാറിയത്: 28.12.2017 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2018 (Page No. 13 Of Agre Reg) | |
| പൂർത്തീകരിച്ച തിയ്യതി: 10.04.2019 | |

2. അത്തിക്കാട് കോളനി കിണർ റിപ്പയർ (173/20)

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 86/AE/17-18/07.03.18 | 8253/-<br>[Ie, 01.01.19 To 31.03.19 (1%PAC)= 1434<br>+ 01.04.19 To 30.06.19 (2%PAC)= 2868<br>+ 01.07.19 To 30.09.19 (2%PAC)= 2868<br>+ 01.10.19 To 04.11..19 (2%PAC For 34days)= 1083] |
| TS: LSGD/TS/100276/2017-18 | |
| M.Book No: 170/18-19 | |
| PAC: 143403 (ശ്രീ. ഗഫൂർ) | |
| Vr.No: 2926/01.07.2019 | |
| സൈറ്റ് കൈമാറിയത്: 07.03.18 | |

| | |
|---|---|
| പൂർത്തീകരിക്കേണ്ട തിയ്യതി: 31.12.2018 (Page No. 16 Of Agre Reg) | (2868x34/90) |
| പൂർത്തീകരിച്ച തിയ്യതി: 04.11.2019 | |

3. വിഷ്ണു ക്ഷേത്രം ക്ലവൻ പുഴ റോഡ് ടാറിംഗ് (183/20)

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 49/AE/17-18/23.11.2017 | 28766/-<br>[ie, 01.04.18 To 30.06.18 (1%PAC)= 3983<br>+ 01.07.18 To 30.09.18 (2%PAC)= 7966<br>+ 01.10.18 To 31.12.18 (2%PAC)= 7966<br>+ 01.01.19 To 31.03.19 (2%PAC)= 7966<br>+ 01.04.19 To 10.04.19 (2%PAC For 10 Days)= 885]<br>(7966x10/90) |
| TS: LSGD/TS/35344/2017-18 | |
| M.Book No: 139/18-19 | |
| PAC: 398387 (ശ്രീ. സാജു ജോസഫ്) | |
| Vr.No: 8357/04.8.2019 | |
| സൈറ്റ് കൈമാറിയത്: 23.11.2017 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2018 (Page No. 09 Of Agre Reg) | |
| പൂർത്തീകരിച്ച തിയ്യതി: 10.04.2019 | |

പിഴ ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ മേൽ പ്രവൃത്തികൾ കരാർ പ്രകാരം 'കൊറോണ' മൂലമുള്ള ലോക് ഡൌണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021 /LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല. ആയതിനാൽ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2019-20/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-15 ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ പഞ്ചായത്തിൽ 82 പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്തിട്ടുണ്ട് . ഇ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ 132895/- രൂപ മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽതുകകൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 150 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 55 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 150 | ആകെ അടങ്കൽ | 38157886 |
| നടപ്പിലാക്കിയത് | 55 | ചെലവ് | 13995187 |
| നടപ്പിലാക്കാത്തത്. | 95 | ചെലവ് ശതമാനം | 37 |

പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഔദ്യാഗിക വാഹനത്തിന്റെ ഇന്ധന ഉപയോഗത്തിലെ അപാകത.

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 10 AL 4120 ബൊലേറോ ജീപ്പിന് 28.67 ലിറ്റർ ഡീസൽ അടിച്ച ഇനത്തിൽ 2,000/- രൂപ വൌച്ചർ നമ്പർ.21900323 തീ. 16.08.2019 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഇന്ധനത്തിന്റെ അളവ്, ലോഗ്ബുക്കിൽ പേജ് നമ്പർ.271 ൽ ചേർത്തതിന് ശേഷം വെട്ടിക്കളഞ്ഞതായാണ് കാണുന്നത്. 2019 ആഗസ്റ്റ് മാസത്തിലെ പ്രതിമാസ ലോഗ് ബുക്ക് സമ്മറിയിലും ഇത് ഉൾപ്പെട്ടിട്ടില്ല. വാഹനത്തിന്റെ മൈലേജ് പ്രകാരം (12.50 കി.മീ/ലിറ്റർ) കണക്കാക്കുമ്പോൾ ഇത് പ്രകാരമുള്ള ഇന്ധനമുപയോഗിച്ച് വാഹനമോടിയതായും കാണുന്നില്ല. അപാകതയ്ക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ.04(2019-20)/15.02.2022) നൽകിയതിനെ തുടർന്ന് 2,000/- രൂപ 17.08.2022 ന് രശീതി നമ്പർ 121040103764 പ്രകാരം തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള പൊതു മാർഗ്ഗരേഖയിലെ (സ.ഉ(എം.എസ്)നം.170/07/തസ്വഭവ തീയതി.30.06.2007) മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 255 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 255 സ്ഥാപനങ്ങളിലായി 510തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (510x450x2) 459000/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുപോലും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനായി സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം/ അനുവദിച്ച ലൈസൻസ് |
|---|---|---|---|
| 1 | 13/647 | ചാലിയാർ റൂറൽ കൺസ്യൂമർ സൂപ്പർ മാർക്കറ്റ് | 3 (68/19-20) |
| 2 | 9/388 B | പൂവാടി, പാവിംഗ് ടൈൽസ് | 4 (97/19-20) |
| 3 | 8/221 | ഫാബ്ലൈൻസ്, റെഡിമെയ്ഡ് (ഗാർമെന്റ്സ് നിർമ്മിച്ച് സ്റ്റോക്കി ചെയ്ത് വിൽപ്പന) | 2 (149/19-20) |
| 4 | 8/216B,C,D | ഫാബ്ലൈൻസ്, റെഡിമെയ്ഡ് | 6 (150/19-20) |
| 5 | 13/266 | പൊന്നറ ജ്വല്ലറി | 2 (168B/19-20) |
| 6 | 13/2A | എ.എം.പി ഫ്യുവൽസ് അകമ്പാടം | 3 (179/19-20) |
| 7 | 6/235 | ഫ്ലോർ മിൽ യൂണിറ്റ്, കോണമുണ്ട | 4 (206/19-20) |
| 8 | 8/73 A | എസ്.എച്ച് ഹോളോബ്രിക്സ് യൂണിറ്റ് | 3 (211/19-20) |
| 9 | 8/73B | എസ്.എച്ച് സിമന്റ് ഇന്റർലോക്ക് നിർമ്മാണ യൂണിറ്റ് | 3 (210/19-20) |
| 10 | 13/688 A,B,C,D,E | സ്പാനിഷ് ബേക്കറി | 3 (218/19-20) |
| 11 | 13/511 A | വില്ലിസ് അഗ്രി കൾച്ചർ ട്രോളി നിർമ്മാണ യൂണിറ്റ് | 5 (226/19-20) |
| 12 | 12/426 A, B | എ.സി.എസ് ഹോസ്പിറ്റൽ | 4 (235/19-20) |
| 13 | 13/682 P, Q ,R, S, AI, AJ, AK, AL | കെ.എൻ.എസ് സൂപ്പർ മാർക്കറ്റ് | 6 (250/19-20) |
| 14 | 7/213 B | കൂട്ടം തയ്യൽ യൂണിറ്റ്, എരഞ്ഞിമങ്ങാട് | 5 (254/19-20) |
| 15 | | മാവേലി സ്റ്റോർ അകമ്പാടം (ദിവസ വേതന ജീവനക്കാർ) | ലഭ്യമല്ല. |

മുകളിൽ പരാമർശിച്ച സ്ഥാപന ഉടമകളോട് 2019-20 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കാൻ ആവശ്യപ്പെട്ട് തൊഴിൽ നികുതി ഈടാക്കേണ്ടുന്ന സംഗതികളിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല. നിയമവും ചട്ടങ്ങളും ബാധകമാകുന്ന വ്യക്തികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/19-20/14.02.2022 ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നുണ്ടെന്ന മറുപടി ലഭ്യമാക്കി.

## 1-20 ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രൊജക്ട് | അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | ഇൻവോയ്സ് വിവരം | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം(ജനറൽ 74/20) | 260982 (ബി.നം 1/19-20 തി.23.07.2019) | 4/06.05.2019-100007<br>5/06.05.2019- 32108<br>9/19.06.2019-94900<br>10/19.06.2019 – 33967 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |
| | | 310073 (ബി.നം 2/19-20 തി.30.09.2019) | 13/15.07.2019 – 85423<br>14/15.07.2019 – 26339<br>17/02.08.2019- 97490<br>19/01.09.2019 – 100821 | |
| | | 120660(ബി.നം10/19-20 തി.04.03.2020) | 31/01.02.2020- 120660 | |
| | | 79673 (ബി.നം 12/19-20 തി.18.03.2020) | 33/02.03.2020- 79673<br>(ഈ ഇൻവോയ്സ് പ്രകാരമുള്ള തുകയായ 134799/- രൂപ യിൽ ബാക്കി തുക 2020-21 ലാണ് നൽകിയത്.) | |
| | | ആകെ - 7,71,388/- | | |
| 2 | അനുപൂരക പോഷകാഹാര വിതരണം (എസ്.ടി 89/20) | 215115 (ബി.നം4/19-20 തി.14.11.2019) | 21/01.10.2019- 104375<br>23/01.11.2019- 110740 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |
| | | ആകെ - 215115/- | | |
| 3 | അനുപൂരക പോഷകാഹാര വിതരണം (എസ്.സി 103/20) | 248723 (ബി.നം7/19-20 തി.21.01.2020) | 25/02.12.2019- 112814<br>28/01.01.2020- 135909 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം 3/19-20/15.02.2022) മറുപടി ലഭ്യമാക്കി.

## 1-21 കെട്ടിട നമ്പറിനായുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

കെട്ടിട നിർമ്മാണ അനുമതി കൂടാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1). ശ്രീമതി. സരോജിനി, തെങ്ങുംതൊടിയിൽ , ചൂരക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള സ.നം.141/3 ൽപ്പെട്ട 526 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച ( കെട്ടിട നിർമ്മാണ അനുമതി കൂടാതെ ) 121.74 ച.മീ വിസ്തൃതിയുള്ള വാസഗൃഹത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് 31.01.2020 ന് A2-309/2020 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സൈറ്റ് പരിശോധിച്ച എൽ.എസ്.ജി.ഡി ഓവർസിയർ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും എന്നാൽ മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതെയുള്ളുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കുവാൻ കത്ത് നൽകാവുന്നതാണെന്ന് ക്ലർക്ക് 16.03.2020ന് കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല. തുടർ നടപടി വിവരവും മേൽ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ഈടാക്കിയ റഗുലറൈസേഷൻ ഫീസ്, അനുവദിച്ച കെട്ടിട നമ്പർ എന്നീ വിവരവും ലഭ്യമാക്കേണ്ടതാണ്.

2). ശ്രീ. റിയാസ് അലി ചരക്കുപറമ്പൻ ഹൗസ്, മൈലാടി എന്നവരുടെ ഉടമസ്ഥതയിലുള്ള സ.നം.1/155/1-567,566 ൽപ്പെട്ട 364 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച ( കെട്ടിട നിർമ്മാണ അനുമതി കൂടാതെ ) 169.89 ച.മീ വിസ്തൃതിയുള്ള വാസഗൃഹത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് 22.02.2020 ന് A2-529/2020 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന് VIII/185-D എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചട്ട പ്രകാരമുള്ള റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല. റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.
ക്രമ നം 1 ൽ പരാമർശിച്ച കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിക്കുകയോ കെട്ടിട നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ലെന്നും ക്രമ നം 2 ൽ പരാമർശിച്ച അപേക്ഷയിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും ചട്ട പ്രകാരമുള്ള റഗുലറൈസേഷൻ ഫീസ് ഈടാക്കിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറി (നം. 9/19-20/21.02.2022) യെ തുടർന്ന് മേൽ കെട്ടിടങ്ങളുടെ ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 വസ്തു നികുതി നിർണ്ണയം- അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ചാലിയാർ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 60രൂപ / ച.മീ.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് ചില ഉടമസ്ഥരിൽ നിന്ന് കൂടിയ നിരക്കിലും (60/ ച.മി), ചില ഉടമസ്ഥരിൽ നിന്ന് കുറഞ്ഞ നിരക്കിലും (30/ ച.മി) വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരേ തരം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | വിസ്തീർണ്ണം | കെട്ടിട നമ്പർ നൽകിയ വിവരം/ തിയ്യതി | നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ.അബൂബക്കർ, മനയങ്ങാട്ടിൽ ഹൗസ്, കാടാമ്പുഴ പി.ഒ<br>A2-1301/2019 | 501.16 ച.മീ ( റീ.സ 64/1-9) | XIII/688-A Y മുതൽ വരെ 16.04.2019 | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ. |
| 2 | ശ്രീ.ശ്രീധരൻ. ഐ, ഇരുപ്പൻകണ്ടൻ, അകമ്പാടം<br>A2-230/2019 | 727.82ച.മീ ( റീ.സ 64/1) | XII/426 A K മുതൽ വരെ 15.06.2019 | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ. |
| 3 | ശ്രീ. രാജേഷ് , പുന്നാണിമണിയത്ത് ഹൗസ്, മൈലാടി<br>A2-1456/2019 | 463.67 ച.മീ | VIII/216 E T മുതൽ വരെ 05.07.2019 | 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 60രൂപ / ച.മീ. |

ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8 /*19-20/21*.02.2022 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-23 വി.ഇ.ഒ- നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ചെലവ് | റിമാർക്സ് |
|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ പട്ടികജാതി<br>19/20 | 2150000/- SCP | 1,00,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |
| 2 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ പട്ടികവർഗ്ഗം<br>21/20 | 825000/- TSP | 1,50,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |
| 3 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ ജനറൽ<br>23/20 | 2300000/- വികസനഫണ്ട് ജനറൽ | 50,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |

<u>പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.</u>

1). പട്ടിക ജാതി / പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നേരിട്ടും വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നതിനാൽ ഈ പദ്ധതികൾ പ്രകാരം ധനസഹായം നൽകുന്ന ഗുണഭോക്താക്കൾക്ക് പ്രസ്തുത വകുപ്പുകൾ മുഖേന ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയശേഷം മാത്രമാണ് ധനസഹായം അനുവദിക്കാവുന്നത്. എന്നാൽ ക്രമ നം 1, 2 പ്രകാരമുള്ള പദ്ധതികളിൽ ആയത് പാലിച്ചിട്ടില്ല.

2). കൂടാതെ വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയതിന് അനുസരിച്ചായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ മേൽ

പദ്ധതികളുടെ ഫയലുകളിൽ ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് , എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് നൽകിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ഇല്ല. പൂർത്തിയാക്കിയ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം അടിസ്ഥാനമാക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ ധനസഹായം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

3). വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും ആരൊക്കെയാണ് അഡ്വാൻസ് മാത്രം കൈപ്പറ്റിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ തുടർ വർഷങ്ങളിൽ ഇതേ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ ഇനത്തിൽ ധനസഹായം ലഭിച്ചവരുടെ വിവരം പരിശോധിക്കുന്നതിനും സാധ്യമല്ല.

4). പദ്ധതി പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5). പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6). ചെലവ് രേഖകൾ വൗച്ചർ നമ്പർ അടിസ്ഥാനത്തിലോ പ്രൊജക്ട് ചെലവിന്റെ അടിസ്ഥാനത്തിലോ സൂക്ഷിക്കുന്നില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/19-20/22.02.2022 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-24 ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ചാലിയാർ ഗ്രാമ പഞ്ചായത്തിലെ വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്/ കയർപിരി ഷെഡ് കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10 രൂപയും ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയുമാണ് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം | ലൈസൻസ് നൽകിയ വിവരം | ഈടാക്കിയത് | ഈടാക്കേണ്ടത് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 1 | ശ്രീമതി. ലൈസമ്മ കുന്നത്തുചാൽ<br>8/409 A<br>22.12 ച.മീ | പുതുശ്ശേരി റൈസ് മിൽ<br>144/19-20 | അടിസ്ഥാന വസ്തുനികുതി - 22.12 X 10= 221.2<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 44.24<br>വർദ്ധനവ് (വഴി സൗകര്യം)- 44.24<br>വാർഷിക വസ്തുനികുതി - 222<br>ലൈബ്രറി സെസ്സ് - 12 | അടിസ്ഥാന വസ്തുനികുതി - 22.12 X 50= 1106<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 221<br>വർദ്ധനവ് (വഴി സൗകര്യം)- 221<br>വാർഷിക വസ്തുനികുതി - 1106<br>ലൈബ്രറി സെസ്സ് - 56 | വസ്തുനികുതി= 884<br>ലൈബ്രറി സെസ്= 44 |
| 2 | ശ്രീമതി. സുബൈദ ചോലയിൽ<br>11/368<br>23 ച.മീ | സഹാന റൈസ് & ഫ്ലോർ മിൽ<br>120/19-20 | അടിസ്ഥാന വസ്തുനികുതി - 23 X 10= 230<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 46 | അടിസ്ഥാന വസ്തുനികുതി - 23 X 50= 1150<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 230 | വസ്തുനികുതി= 920<br>ലൈബ്രറി സെസ്= 46 |

| | | | | | |
|---|---|---|---|---|---|
| | | | വർദ്ധനവ് (വഴി സൗകര്യം)- 46<br>വാർഷിക വസ്തുനികുതി - 230<br>ലൈബ്രറി സെസ്സ് - 12 | വർദ്ധനവ് (വഴി സൗകര്യം)- 230<br>വാർഷിക വസ്തുനികുതി- 1150<br>ലൈബ്രറി സെസ്സ് - 58 | |
| 3 | ശ്രീമതി. ഇന്ദിര<br>12/370<br>66ച.മീ | ബ്രദേഴ്സ് റൈസ് ഫ്ലോർ & ഓയിൽ മിൽ<br>240/19-20 | അടിസ്ഥാന വസ്തുനികുതി - 66 X 10= 660<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 132<br>വർദ്ധനവ് (വഴി സൗകര്യം)- 132<br>വാർഷിക വസ്തുനികുതി - 660<br>ലൈബ്രറി സെസ്സ് - 33 | അടിസ്ഥാന വസ്തുനികുതി - 66 X 50= 3300<br>ഇളവ് - 20%( മേഖല +മേൽക്കൂര)- 660<br>വർദ്ധനവ് (വഴി സൗകര്യം)- 660<br>വാർഷിക വസ്തുനികുതി - 3300<br>ലൈബ്രറി സെസ്സ് - 165 | വസ്തുനികുതി= 2640<br>ലൈബ്രറി സെസ്= 132 |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നം. 10/19-20/21.02.2022 മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓവർഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളിൽ, 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5%

കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കല്ലുണ്ട ബദൽ സ്കൂൾ പൂർത്തീകരണം (144/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 395100/395100[TSP] |
| ടി എസ് | LSGD/TS/2019-20/82688/(Cl 31.06%) |
| കരാർ | 42/2019-20/01.11.2019 |
| എം ബുക്ക് | 199, 250/2019-20 |
| കൺവീനർ | Shainy Saji |
| വൗച്ചർ | 108/20.03.2020 |
| മൂല്യനിർണ്ണയം | 395100 |
| കൺവീനർക്ക് അധികം നൽകിയ തുക | 18376/- [Ie, 395100*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 18376/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

2. കളക്കുന്ന് സ്കൂൾ പെയിന്റിംഗ് ആർട്ട് വർക്ക് (90/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 280000/280000 [Own Fund + MG (NR)] |
| ടി എസ് | LSGD/TS/2019-20/93916/(Cl 31.06%) |
| കരാർ | 46/2019-20/10.12.2019 |
| എം ബുക്ക് | 211/2019-20 |
| കൺവീനർ | ബേബി പി ജോർജ് |
| വൗച്ചർ | 62/20.02.2020 |
| മൂല്യനിർണ്ണയം | 280000 |
| കൺവീനർക്ക് അധികം നൽകിയ തുക | 13023/- [Ie, 280000*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 13023/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

3. മൈലാടി സ്കൂൾ പുതിയ കെട്ടിടം പൂർത്തീകരണം (94/20)

| | |
|---|---|
| അടങ്കൽ/ ചെലവ് | 475000/468153 [MG (NR)] |
| ടി എസ് | LSGD/TS/2019-20/82675/(Cl 31.06%) |
| കരാർ | 43/2019-20/01.11.2019 |
| എം ബുക്ക് | 203/2019-20 |
| കൺവീനർ | Murali C |
| വൗച്ചർ | 58/20.02.2020 |
| മൂല്യനിർണ്ണയം | 468153 |
| കൺവീനർക്ക് അധികം നൽകിയ തുക | 21775/- [Ie, 468153*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 21775/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ GST, ക്ഷേമനിധി ഇനത്തിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2019-20/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2019-20 | 17.02.2022 മുതൽ 18.02.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (107/20) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ലൈഫ് മിഷൻ പദ്ധതി - പട്ടികജാതി (164/20) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 110000 | ലൈഫ് മിഷൻ പദ്ധതി - ജനറൽ (180/20) | 110000 | 0 |
| ജില്ലാ പഞ്ചായത്ത് | 116108 | ലൈഫ് ഭവനപദ്ധതി - പട്ടികവർഗ്ഗം - (181/20) | 100000 | 16108 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ലൈഫ് മിഷൻ പദ്ധതി - പട്ടികജാതി (164/20) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 435000 | ലൈഫ് ഭവനപദ്ധതി - പട്ടികവർഗ്ഗം - (181/20) | 91108 | 343892 |
| ബ്ലോക്ക് പഞ്ചായത്ത് | 990000 | ലൈഫ് മിഷൻ ജനറൽ - രണ്ടാം ഘട്ടം - ബ്ലോക്ക് വിഹിതം (229/20, 180/20) | 990000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)-2278/LSGD/ 18.08.18 | 1940000 | 10522177 | 1214531 | 0 | 11247646 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 3,990/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08 | 3-15 | 1790 | ശ്രീ.ടി.ബാലൻ | 119040100381<br>തി.19.06.2019 |
| 2013-14<br>2014-15 | 2-2 | 2200 | ശ്രീ.അഷറഫ് | 119040100756<br>തി.01.08.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ. | വിഷയം. | നിലവിലെ അവസ്ഥ. |
|---|---|---|---|
| 2007-08 | 2011-12<br>അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്രമം നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പര്, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | ഇല്ല | | | | | | | | |

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്രമം നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2007-08 | 3-12 | ശ്രീ.രവീന്ദ്രൻ, സെക്രട്ടറി | LF.24328/Spl.Cell /CSC/D1/2012 Dt.15.06.2015 | 262600 | | 0 | ഇല്ല | 0 | 0 | 0 | 262600 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,28,24,721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,23,94,536 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53,174 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,387 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-1 | | 53174 | ശ്രീ. അബ്ദുൾ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക | തുക | ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12 | 10387 | ശ്രീ. അബ്ദുൾ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 53174 | ശ്രീ. അബ്ദുൾ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനീയർ | പുത്തൻ പള്ളിയാലിൽ, എടവണ്ണ വഴി, പന്നിപ്പാറ (പി.ഒ)- 676541 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 2 | |
| 1996-97 | കെ.എസ്.എ.എം.പി.എം.5/981/2018 തി.21.11.2018 | 4 | |
| 1996-97 (ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 | |
| 1997-98(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 | |
| 1998-99 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 3 | |
| 1999-00 | കെ.എസ്.എ.എം.പി.എം.5/981/2016 തി.21.11.2018 | 8 | |
| 2000-01 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 20 | |
| 2003-04 | കെ.എസ്.എ.എം.പി.എം.5/1005/2008 തി.14.10.2019 | 1 | |
| 2004-05 | കെ.എസ്.എ.എം.പി.എം.5/23/2009 തി.14.10.2019 | 5 | |
| 2005-06 | കെ.എസ്.എ.എം.പി.എം.5/24/2009 തി.14.10.2019 | 14 | |
| 2006-07 | കെ.എസ്.എ.എം.പി.എം.5/178/2010 തി.14.10.2019 | 7 | |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.എം.പി.എം.5/61/2012 തി.14.10.2019 | 6 | |
| 2008-09 | കെ.എസ്.എ.എം.പി.എം.5/62/2012 തി.14.10.2019 | 3 | |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.5/386/2013 തി.14.10.2019 | 16 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.5/1601/2014 തി:09.01.2018 | 12 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:24.02.2018 | 15 | |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:06.03.2018 | 11 | |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1433/2017 തി:01.08.2018 | 14 | |
| 2017-18 | കെ.എസ്.എ.എം.പി.എം.5/1989/2018 തി:08.10.2018 | 15 | |
| 2018-19 | കെ.എസ്.എ.എം.പി.എം.5/458/2020 തി:20.10.2020 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്